മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ജോയിന്റ സെക്രട്ടറി ശ്രീ. പി. കെ. നാരായണൻ.

(ബി) 1-1-1964 ൽ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കണ്ണപൊട്ടന്മാർ.

* 719. [24] † ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തിൽ കണ്ണപൊട്ടന്മാരുടെ എണ്ണം എത്ര ;

(ബി) കുടുംബത്തിൽനിന്നോ മറേറാ തീരെ സഹായം കിട്ടാത്ത എത്ര പേരുണ്ട് ;

(സി) ഇവരുടെ വിദ്യാഭ്യാസത്തിനും ജീവിത മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും ഗവണ്മെന്റ് എന്തെങ്കിലും പരിപാടികൾ എടുത്തുവരുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1960-61-ൽ നടത്തിയ ഒരു സാമ്പത്തിക സർവ്വേ പ്രകാരം ഈ സംസ്ഥാനത്ത് 15,777 അന്ധന്മാരാണുള്ളത്.

(ബി) ഈ വിവരം ഇപ്പോൾ ഗവണ്മെൻറിന്റെ കൈവശമില്ല.

(സി) ഗവണ്മെന്റ് നാലു അന്ധവിദ്യാലയങ്ങൾ നടത്തുകയും ഒരു പ്രൈവറ്റ് വിദ്യാലയത്തിന് സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. അവർക്ക് വിദ്യാഭ്യാസപരമായും തൊഴിൽപരമായും ഉള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ട്. തിരുവനന്തപുരത്തു കരമനയിൽ സ്ഥാപിക്കുന്ന വികലാംഗരുടെ മാതൃകാ സ്ഥാപനത്തിൽ അന്ധന്മാരെ പഠിപ്പിക്കാനും തൊഴിൽ പരിശീലിപ്പിക്കാനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കും.

ശ്രീ. എം. നാരായണക്കുറുപ്പ് : എല്ലാ വിദ്യാലയങ്ങളിലും കൂടി എത്ര ആളുകൾക്ക് പഠിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. പഠിച്ചു യോഗ്യതയുള്ള വല്ല അന്ധന്മാർക്കും ഗവണ്മെൻറ് സർവ്വീസിൽ ഉദ്യോഗം ഉണ്ടോ ; ഇവിടെനിന്നും ഉന്നത ബിരുദം നേടിയ ഒരു വ്യക്തി ഉദ്യോഗം തേടി മറു സംസ്ഥാനങ്ങളിലേയ്ക്ക് പോകുവാൻ ഒരുക്കമാണെന്ന് കേൾക്കുന്നതു ശരിയാണോ ?

ശ്രീ. ആർ. ശങ്കർ : എല്ലാവിദ്യാലയങ്ങളിലുംകൂടി എത്രപേർ ഉണ്ടെന്നുള്ളതു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം. ആയിരത്തിലധികം വരുമെന്നാണ് എന്റെ ഓർമ്മ. എല്ലാ കുട്ടികൾക്കുംകൂടി ഇപ്പോഴുള്ള വിദ്യാലയങ്ങൾകൊണ്ടു മതിയാകുമെന്നു തോന്നുന്നില്ല. കൂടുതൽ വിദ്യാലയങ്ങൾ ഉണ്ടാക്കണമെന്നാണ് ഗവണ്മെൻറിന്റെ വിചാരം. ഉന്നത ബിരുദധാരിയായ ഒരാൾ ജോലി അന്വേഷിച്ചു പോകുന്നുണ്ടോ എന്ന കാര്യം അറിവില്ല. അങ്ങനെയൊരാൾ ഉണ്ടെന്നുള്ളതു അറിയാം. അദ്ദേഹത്തെ ഇതു സംബന്ധമായിട്ടുള്ള പഠനം നടത്തുന്നതിലേക്കു വടക്കേ ഇൻഡ്യയിലേക്കു അയയ്ക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സേവനം ഇവിടെത്തന്നെ ഉപയോഗയോഗ്യമാക്കാമോ എന്നുള്ള കാര്യം ആലോചിച്ചുവരികയാണ്.

ശ്രീമതി കുസുമം : തിരുവനന്തപുരത്തുള്ള അന്ധ വിദ്യാലയത്തിലെ കുട്ടികളിൽനിന്നും അവർക്ക് കൂടുതൽ കെട്ടിടങ്ങൾ വേണമെന്നും മറ്റു ചില ആവശ്യങ്ങൾ സാധിച്ചുകൊടുക്കണമെന്നും കാണിച്ചു മുഖ്യമന്ത്രിക്കു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ? അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

† Put by Shri O. Koran.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : പ്രത്യേക നിവേദനമൊന്നും ലഭിച്ചിട്ടില്ല. അവിടെ കൂടുതൽ സൗകര്യങ്ങളും വേണമെന്ന ഗവണ്മെൻറിനറിയാം. അതിനെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചുവരികയാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈയിടെ കുറെ അന്ധവിദ്യാർത്ഥികളും ഇവിടെ വന്നു സത്യാഗ്രഹം അനുഷ്ഠിക്കുകയും മന്ത്രിയെക്കണ്ടു് നിവേദനം നടത്തുകയുംചെയ്തു എന്നു പത്രങ്ങളിൽനിന്നും അറിഞ്ഞു. എന്താണു് അവർക്കുള്ള പരാതി ; മന്ത്രി എന്തുറപ്പാണു് നൽകിയതു് ; എന്തു വാഗ്ദാനമാണു് അവർക്കു കൊടുത്തിട്ടുള്ളതു് ?

ശ്രീ. ആർ. ശങ്കർ : ആ സ്ഥാപനങ്ങൾക്കു മുഴുവൻ ഗ്രാൻറു ലഭിക്കാത്തതുകൊണ്ടുള്ള പ്രയാസങ്ങളാണു് മുഖ്യമായും ഉണ്ടായിരുന്നതു്. ഗ്രാൻറു കൊടുക്കുന്ന അവസരത്തിൽ തങ്ങൾ ചെയ്യേണ്ടതായ ചില കർത്തവ്യങ്ങൾ മാനേജ്മെൻറു പാലിക്കാത്തതാണു് പ്രധാനമായും വന്ന കുഴപ്പം. ചില കണക്കുകളും മറ്റും തയാറാക്കുന്നതിൽ മാനേജ്മെൻറു ഉപേക്ഷ വരുത്തിയിട്ടുണ്ടു്, ഈ നിവേദനം ലഭിച്ചു ഉടൻതന്നെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽനിന്നും ഒരു ഉദ്യോഗസ്ഥനെ അയച്ചുകൊടുക്കുകയും ഗ്രാൻറു നൽകുന്നതിനു ആവശ്യമായ നടപടികളും കൈക്കൊള്ളാമെന്നു് ഉറപ്പുകൊടുത്തു അവരെ തിരിയേ അയയ്ക്കുകയുമുണ്ടായി.

ശ്രീ. ഈ. പി. ഗോപാലൻ : പ്രൈവറ്റു സ്കൂളുകൾക്കു ഗ്രാൻറു കൊടുക്കുന്ന ചട്ടങ്ങളിൽ നിന്നുതന്നെയാണു് ഈ അന്ധവിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഏക സ്ഥാപനമായ മങ്കട പള്ളിപ്പുറത്തെ സ്കൂളിനും ഗ്രാൻറു കൊടുക്കുന്നതു്. അതു കൊണ്ടാണു് ഈ മാതിരി അസൗകര്യങ്ങൾ അവിടെയുള്ള വിദ്യാർത്ഥികൾക്കു അനുഭവിക്കേണ്ടിവരുന്നതു്. അവിടെ ഏകദേശം 47 വിദ്യാർത്ഥികൾ ഇപ്പോഴുണ്ടു്. ഇവരുടെ കാര്യം പരമദയനീയമാണെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ടു് ഈ ന്യൂനതയെങ്കിലും ഒന്നു പുനഃപരിശോധനചെയ്യാൻ ഗവണ്മെൻറു വേണ്ട ശ്രമം നടത്തുമോ ?

ശ്രീ. ആർ. ശങ്കർ : ന്യൂനതകളുള്ളതുകൊണ്ടല്ല. നൂറും അനുസരിക്കാൻ മാനേജ്മെൻറു കൂട്ടാക്കാത്തതുകൊണ്ടു ഉണ്ടാകുന്ന കുഴപ്പമാണു്. കണക്കുകൾ ആഡിറു ചെയ്യാതിരിക്കുക, യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കാതിരിക്കുക, യോഗ്യതയുള്ളവരെ കിട്ടിയില്ലെങ്കിൽ യോഗ്യതയില്ലാത്തവരെ നിയമിക്കുന്നതിനുവേണ്ടി ഗവണ്മെൻറിലേക്കു അപേക്ഷിക്കാതിരിക്കുക ഈമാതിരി കൃത്യങ്ങൾ മാനേജ്മെൻറു നടത്തിപ്പോരുന്നതുകൊണ്ടാണു് അവർക്കു് ഗ്രാൻറു ലഭിക്കാതെയിരുന്നതു്.

ശ്രീ. ഓ. കോരൻ : ഇവിടെ വന്നു ഡയറക്ടറായിട്ടു നിവേദനം നടത്തിയതിൻെറ ഫലമായി ആ വിദ്യാർത്ഥികളെ അവിടെനിന്നും ബഹിഷ്ക്കരിച്ചിരിക്കുകയാണെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ യാതൊരറിവും ഇതുവരെ ലഭിച്ചിട്ടില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഡെറാഡൂൺ എന്ന സ്ഥലത്തു് അന്ധവിദ്യാലയത്തിനു സമർത്ഥന്മാരായ ആളുകൾക്കുള്ള ടെയിനിംഗ്ഗ് നടത്തുന്നുണ്ടു്. ഇവിടെനിന്നും കുറെ ആളുകളെ അങ്ങോട്ടയച്ചു ടെയിനിംഗ്ഗ് കഴിഞ്ഞിട്ടു നമ്മുടെ അന്ധവിദ്യാലയങ്ങളിൽ നിയമിക്കുന്നതിനു വേണ്ട ഏർപ്പാടു ഗവണ്മെൻറു ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : ഡെറാഡൂണിൽ ഉള്ളതുപോലെ അല്ല എങ്കിലും അതുപോലൊരു സ്ഥാപനം സ്റ്റേറ്റു വകയായി കുറഞ്ഞമനയിൽ നടത്തുവാൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടു്. അതിനു ആവശ്യമായ സ്ഥലം അക്വയർചെയ്തു കഴിഞ്ഞു. അടുത്ത വർഷത്തിൽ അതു പ്രവർത്തിക്കുവാൻ തുടങ്ങുമെന്നാണു് പ്രതീക്ഷ. ടെയിനിംഗ്ഗും പരിശീലനവും മറ്റും കഴിഞ്ഞിട്ടുള്ള ആളുകളും നമ്മുടെ സ്റ്റേറിനുള്ളിൽതന്നെയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : അന്ധവിദ്യാർത്ഥികൾക്ക് നൽകിവരുന്ന ബോർഡിംഗ് അലവൻസ് വളരെ അപര്യാപ്തമാണെന്നുള്ളതു പരിഗണിച്ചു കൂടുതൽ തുക നൽകുന്നതിനും അതുപോലെ മെഡിക്കൽ സൗകര്യങ്ങളും മറ്റും ചെയ്തുകൊടുക്കുവാനും ഗവണ്മെന്റു തയാറാകുമോ ?

ശ്രീ. ആർ. ശങ്കർ : ഒരു കുട്ടിക്ക് 25 രൂപയാണ് ബോർഡിംഗിനുവേണ്ടി വച്ചിരിക്കുന്നതു്. കുട്ടികളെ സംബന്ധിച്ചിടത്തോളം അതു വളരെ അപര്യാപ്തമാണെന്നു തോന്നുന്നില്ല. മറ്റു സൗകര്യങ്ങളും മെഡിക്കൽ സൗകര്യങ്ങളും മറ്റും കൊടുക്കുന്നതിനെപ്പറ്റി ശ്രദ്ധിക്കാം.

ശ്രീ. കെ. സി. ഏബ്രഹാം : മാനേജ്മെന്റിന്റെ ശ്രദ്ധക്കുറവുകൊണ്ടോ യാലും മറ്റുതരത്തിലുള്ള വീഴ്ചകൊണ്ടായാലും അന്ധവിദ്യാർത്ഥികളോടു് കുറേക്കൂടി അനുകമ്പാപൂർവ്വം പെരുമാറുന്നനയം കൈക്കൊള്ളുമോ ?

ശ്രീ. ആർ. ശങ്കർ : അന്ധവിദ്യാർത്ഥികളോടു വളരെ അനുകമ്പാപൂർവ്വമാണു് പെരുമാറുന്നതു്. ആരെങ്കിലും കുറെ കുട്ടികളെ ചേർത്തശേഷം അതു ഗവണ്മെന്റു അറിയാതിരിക്കുകയാണെങ്കിൽ എങ്ങനെയാണു് അനുകമ്പാപൂർവ്വം പെരുമാറുന്നതു്. പള്ളിക്കൂടങ്ങൾ നടത്തുമ്പോൾ അതു ഉത്തരവാദിത്വത്തോടുകൂടി നടത്തുന്നതാണോ എന്നു പരിശോധിച്ചില്ലെങ്കിൽ വിഷമം ഉണ്ടാകും.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മങ്കടപ്പള്ളിപ്പുറം അന്ധവിദ്യാലയത്തിന്റെ മാനേജർ ജാത്യാ അന്ധനല്ലാത്തതുകൊണ്ടാണു് ഇവിടെവന്നു നിവേദനം നടത്തിയ കുട്ടികളെ പിരിഞ്ഞു പോകാൻ കൽപ്പിച്ചിട്ടു ഇപ്പോൾ അവർ അലഞ്ഞു നടക്കേണ്ട പരിതസ്ഥിതി വന്നിരിക്കുന്നതു്. ന്യായമായും മര്യാദയായും ഉള്ള കണക്കുകൾ ഹാജരാക്കാത്തതുകൊണ്ടാണു് ആ സ്കൂളിനു വച്ചിരിക്കുന്ന ദായകം കുട്ടിത്തത്തെന്നു മന്ത്രി പറയുകയുണ്ടായി. ഇവിടെ വന്നു നിവേദനം നടത്തിയ കുട്ടികളെ കൽപ്പിച്ചുകൂട്ടി പുറത്താക്കിയെന്നുള്ള വിവരം ഗവണ്മെന്റു അറിഞ്ഞിട്ടുണ്ടോ ? മാനേജരുടെ മേൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: അതു അയാൾ ജാത്യാ അന്ധനല്ല എന്നുള്ളതുകൊണ്ടു വന്നിട്ടുള്ള തെറ്റാണോ ?

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അദ്ദേഹത്തിന്റെ നടപടികൊണ്ടു അതാണു് കാണുന്നതു്. അയാൾ ജാത്യാ അന്ധനായിരുന്നില്ല. ഇപ്പോൾ അന്ധനാണുതാനും.

ശ്രീ. ആർ. ശങ്കർ : റക്കഗ്നീഷൻ ഒന്നും ഇല്ലാത്ത പള്ളിക്കൂടമാണെങ്കിൽ ആ പള്ളിക്കൂടം നിറുത്തിയാലും ഗവണ്മെന്റിനൊന്നുംചെയ്യാൻ സാധിക്കയില്ല. ഇവരെ പുറത്താക്കിയ വിവരം ഞാൻ അറിഞ്ഞിട്ടില്ല. അറിയിച്ചാൽ ഇവരെ മറ്റു വല്ലയിടത്തും ചേർക്കാമോ എന്നുള്ള കാര്യം പര്യാലോചിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : കുന്നംകുളത്തു ഗവണ്മെന്റുവക അന്ധബധിര മൂക വിദ്യാലയത്തിലെ ഒരു വിദ്യാർത്ഥി ഇതുപോലെ ഉപവാസം അനുഷ്ഠിക്കുന്നുണ്ടു്. അതിനു കാരണം അവിടത്തെ ഹെഡ്മിസ്ട്രസ് കെയറിന്റെ സംഭാവനയായി കിട്ടുന്ന സാധനങ്ങൾ വിതരണംചെയ്യാൻ തന്നെക്കൊണ്ടു സാധിക്കുകയില്ല എന്നു പറഞ്ഞു അതു ഉപേക്ഷിച്ചുവെന്നും അതു കാരണം ഇപ്പോൾ യാതൊന്നും തന്നെ അവർക്കു ലഭിക്കുന്നില്ല എന്നുമാണെന്നാണു് അറിയുന്നതു്. ഇതിനെപ്പറ്റി ഗവണ്മെന്റു അന്വേഷിച്ചിട്ടുണ്ടോ? അന്ധവിദ്യാർത്ഥികളിൽ പ്രത്യേക താൽപ്പര്യമുള്ള മന്ത്രി ഇതേപ്പറ്റി അന്വേഷിച്ചിട്ടു ഇങ്ങനെ നിറുത്തൽ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെ ചെയ്തതിനു അവരുടെമേൽ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയൊരു നിരാഹാരം തുടങ്ങിയ വസ്തുത ഇപ്പോഴാണു് അറിയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly